# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1957

22/01/2014ലെ
മറുപടിക്ക്

**ആലപ്പുഴ ജില്ലയിലെ എൽ.ഡി.ക്ലാർക്ക് നിയമനം**

ചോദ്യം :

ശ്രീ.ജി.സുധാകരൻ

(എ) ആലപ്പുഴ ജില്ലയിൽ എൽ.ഡി.ക്ലാർക്ക് (വിവിധ വകുപ്പുകൾ) റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ; ഇതുവരെ ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്; വ്യക്തമാക്കാമോ ;

(ബി) വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) ഉണ്ട്; 30.03.2012-ൽ നിലവിൽ വന്നു; 6.12.2013 തീയതി വരെ 267 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്; റാങ്ക് ലിസ്റ്റിന്റെ കാലാവധി 29.3.2015-ന് അവസാനിക്കുന്നതാണ്.

(ബി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ സർക്കുലർ മുഖേന എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

A. [signature]

**സെക്ഷൻ ഓഫീസർ**